നം. ബി1/8919/റ്റി.സി/2009

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം.
തീയതി: 18-10-2010.

പ്രേഷകൻ
ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്
(1) റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ,
പത്തനംതിട്ട
(2) റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ,
കോട്ടയം

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ്.- E.P.F അടച്ചുകൊണ്ടിരിക്കുന്ന തൊഴിലാളികൾക്ക് — വാഹന നികുതി സ്വീകരിക്കുന്നത് സംബന്ധിച്ച്.

സൂചന:- ശ്രീ. തോമസ് മാർക്കോസ്, കൊക്കേമുറിയിൽ (H), K.K.M.S Motors, പഴവങ്ങാടി പി.ഒ, റാന്നി സമർപ്പിച്ചിട്ടുള്ള അപേക്ഷ.

സൂചന പ്രകാരം എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിൽ അംഗങ്ങളായിരിക്കുന്ന തൊഴിലാളികൾക്ക് പ്രസ്തുത വരി ഒടുക്കിയ ചെല്ലാൻ ഹാജരാക്കുമ്പോൾ നികുതി സ്വീകരിക്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ആക്ടിലെ(KMTWWF)ലെ സെക്ഷൻ 4 പ്രകാരം എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ആന്റ് മിസേലനിയസ് പ്രൊവിഷൻ ആക്ട് 1952 ലും ഗ്രാറ്റുവിറ്റി ആക്ട് 1972 ലും ഉൾപ്പെട്ടിട്ടുള്ള തൊഴിലാളികളെ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധിയിലേക്കുള്ള വിഹിതം ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ആയതിനാൽ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിൽ വിഹിതം ഒടുക്കുന്നുണ്ടെങ്കിൽ അക്കാര്യം പരിശോധിച്ച് വേണ്ട നടപടികൾ എടുക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
ഒപ്പ്
സീനിയർ ഡി.റ്റി.സി (ടാക്സേഷൻ)
ട്രാൻസ്പോർട്ട് കമ്മീഷണർക്കുവേണ്ടി

പകർപ്പ്: എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

അംഗീകാരത്തോടെ,